'ഭരണഭാഷ - മാതൃഭാഷ'
പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം
നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം-695 033
ഫോൺ: 0471-2304594, 0471--2303229. ഫാക്സ്: 0471-2302990.
ഇ-മെയിൽ: keralatribes@gmail.com

---

നമ്പർ. **E/E6/4469/2022/STDD(1)** തീയതി: **01/12/2022**

## വിജ്ഞാപനം

## പട്ടികവർഗ്ഗ വികസന വകുപ്പിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നു.

പട്ടികവർഗ വികസന വകുപ്പിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ നിയമനത്തിനായി നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

നിയമന യോഗ്യതകൾ

1. ഉദ്യോഗാർത്ഥികൾ പട്ടികവർഗ വിഭാഗത്തിൽ നിന്നും ഉള്ളവരായിരിക്കണം.
2. ആകെ ഒഴിവുകൾ -1
3. വിദ്യാഭ്യാസ യോഗ്യത- Degree from a recognized University and PGDCA/DCA from a Government recognized Institution
4. പ്രായപരിധി 21-35 വയസ്സ്.
5. അഭിമുഖത്തിന്റെ അടിസ്ഥാനത്തിലായിരിക്കും നിയമനം, പ്രവർത്തി പരിചയമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന ലഭിക്കുന്നതാണ്. നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുള്ളവർ മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്.
6. നിയമനം പട്ടികവർഗ വികസന വകുപ്പ് ആസ്ഥാനകാര്യാലത്തിൽ (*തിരുവനന്തപുരം*) ആയിരിക്കും.
7. നിയമനം തികച്ചും താൽക്കാലികവും 3-മാസകാലയളവിലേക്കും മാത്രമായിരിക്കും, സ്ഥിര നിയമനത്തിന് യാതൊരു വിധ അർഹതയും ഉണ്ടായിരിക്കുന്നതല്ല.

അപേക്ഷ സമർപ്പണം

നിശ്ചിത മാതൃകയിലുള്ള അപേക്ഷയിൽ ജാതി, വിദ്യാഭ്യാസ യോഗ്യത, പ്രായം,പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം അപേക്ഷ ഡയറക്ടർ,പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം,നാലാം നില, വികാസ് ഭവൻ,തിരുവനന്തപുരം-695 033 എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.

*അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2022 ഡിസംബർ 10 വൈകുന്നേരം 5 മണി.* കൂടുതൽ വിവരങ്ങൾ www.stdd.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. വൈകി ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

ഒപ്പ്/-
ഡയറക്ടർ

ആജ്ഞാനുസരണം

ജി.സന്തോഷ് കുമാർ
സീനിയർ സൂപ്രണ്ട്